**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2943** **12-07-2022 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മാറ്റി പാർപ്പിക്കുന്ന കുടുംബങ്ങൾ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | സർവ്വേ പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ 343 കുടുംബങ്ങൾ തീരപ്രദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ താമസിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത കുടുംബങ്ങളിൽ മാറി താമസിക്കാൻ സമ്മതം പ്രകടിപ്പിച്ചിട്ടുള്ളതും പുനർഗേഹം പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജില്ലാതല അപ്പ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതുമായ കുടുംബങ്ങൾ എത്രയെന്നും അവരെ മാറ്റി പാർപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (ബി) | പുനർഗേഹം പദ്ധതി പ്രകാരം മാറി താമസിക്കാൻ സമ്മതം അറിയിച്ചത് 65 കുടുംബങ്ങളാണ്. അതിൽ പദ്ധതിയിൽ ഗുണഭോക്താക്കളാകാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജില്ലാതല അപ്പ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതുമായ കുടുംബങ്ങളുടെ എണ്ണം 61 ആണ്. ജില്ലാതല അപ്പ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച് പദ്ധതി ഗുണഭോക്താവായതിനു ശേഷം കുടുംബങ്ങൾ സുരക്ഷിത മേഖലയിൽ കണ്ടെത്തിയ ഭൂമിയുടെ അനുയോജ്യത ഇന്റർ ഡിപ്പാർട്ട്മെന്റൽ ടീം പരിശോധിച്ച് ഉറപ്പ വരുത്തുകയും ശേഷം ഭൂമിയുടെ ലീഗൽ സ്ക്രൂട്ടണി പൂർത്തിയാക്കി ബാധ്യതകളില്ലെന്ന് ഉറപ്പ വരുത്തുകയും ശേഷം ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല പർച്ചേസിംഗ് കമ്മിറ്റിയിൽ ടി ഭൂമിയുടെ വില നിർണ്ണയം നടത്തി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. ജില്ലാതല അപ്പ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച 61 കുടുംബങ്ങളിൽ 32 കുടുംബങ്ങൾ വ്യക്തിഗത ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുകയും ആയതിൽ 26 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ബാക്കിയുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (സി) | മാറിത്താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ള കുടുംബങ്ങളിൽ ശേഷിക്കുന്ന കുടുംബങ്ങൾക്കായി സുരക്ഷിത മേഖലയിൽ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ